LIBRARY ARCHIVES Kerala Legislative Assembly

സാധ്യതകൾ നിക്ഷേപകർക്ക് മുമ്പാകെ വിശദമായി അവതരിപ്പിക്കുകയും ചെയ്തു പ്രസ്തുത സംഗമത്തിൽ 29 തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നായി 80 പദ്ധതികൾ നടത്തുന്നത് സംബന്ധിച്ച് തുടർ ചർച്ചകൾ നടത്താമെന്ന് ബന്ധപ്പെട്ട നഗരസഭകൾക്ക് ഉറപ്പു നൽകുകയുണ്ടായി. നിലവിൽ ഈ പദ്ധതികൾ നടപ്പിൽ വരുന്നതിനായി സർക്കാർ പാർട്ട്ണർ കേരള മിഷൻ രൂപീകരിക്കുകയും വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്ന ഘട്ടത്തിലുമാണ്.

പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും പദ്ധതി

124 (1560) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; വിശദമാക്കാമോ ;

(ബി) ഇതിനുവേണ്ടി ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) ഇത്തരം സംസ്കരണ കേന്ദ്രങ്ങളിൽ വേണ്ടതായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) പ്ലാസ്റ്റിക് മാലിന്യങ്ങൾ റീ-സൈക്ലിംഗ്വഴി പുനരുപയോഗം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പഞ്ചായത്ത് തലത്തിലും നഗരസഭാ തലത്തിലും പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള പദ്ധതിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും ലഭ്യമാക്കിവരുന്നു. ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് കവറുകൾ റീ-സൈക്ലിംഗിനും റോഡ് ടാറിംഗിനും ഉപയോഗപ്പെടുത്താൻ നടപടി എടുത്തിട്ടുണ്ട്. റോഡ് ടാറിംഗിന് പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്ക് തദ്ദേശസ്വയം ഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗവും ക്ലീൻ കേരള കമ്പനിയും നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ സിമന്റ് പ്ലാന്റുകളിലെ നിർമ്മാണ ചൂളകളിൽ കൽക്കരിയോടൊപ്പം ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് സഞ്ചികൾ ഇന്ധനമായി ഉപയോഗിക്കാൻ ദേശീയ തലത്തിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. ആയത് കേരളത്തിൽ നടപ്പിലാക്കാൻ പാലക്കാട്ടെ മലബാർ സിമന്റ്സ് നടപടി എടുത്തു വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ മെറ്റീരിയിൽ റിക്കവറി ഫെസിലിറ്റി (MRF) ഉണ്ടാക്കി അവിടെ സംഭരിക്കാനും സ്ക്രാപ് ഡീലർമാർവഴി അവ പുനഃചംക്രമണത്തിന് നൽകാനും ശുചിത്വമിഷന്റെ

ജില്ലാ ഓഫീസുകൾവഴി നടപടി എടുത്തുവരുന്നു. നഗരസഭാ പ്രദേശങ്ങളിലെ പ്ലാസ്റ്റിക് മാലിന്യം ക്ലീൻ കേരള കമ്പനിവഴി ശേഖരിച്ച് പുനഃചംക്രമണത്തിനായി കൈമാറാനും നടപടി എടുത്തിട്ടുണ്ട്.

(ബി) ശുചിത്വമിഷനും ക്ലീൻ കേരള കമ്പനി ലിമിറ്റഡും മുഖേനയാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.

(സി) ഉണ്ട്.

ഉറവിടമാലിന്യ സംസ്കരണ പദ്ധതി

125 (1561) ശ്രീ. കെ. രാധാകൃഷ്ണൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉറവിട മാലിന്യ സംസ്കരണത്തിന്റെ പ്രസക്തിയെ സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ടോ ;

(ബി) ഇതിനായി നടപ്പിലാക്കിയ വൻകിട പദ്ധതികളിൽ ഏതെങ്കിലും പ്രവർത്തനക്ഷമമായിട്ടുണ്ടോ ;

(സി) പ്രസ്തുത മേഖലയിൽ സംസ്ഥാനം അലോട്ട് ചെയ്ത 100 കോടി പദ്ധതിയിൽ എന്ത് തുക ചെലവാക്കുകയുണ്ടായി ; ക്ലീൻ കേരള കമ്പനിക്ക് ഇതിനകം പിരിച്ച ഷെയറുകൾ എത്ര ; എന്ത് തുകയുടെ ബിസിനസ് ഇതിനകം നടത്തുകയുണ്ടായി ;

(ഡി) മാലിന്യ നിർമ്മാർജ്ജനത്തിന് ഉറവിടമാലിന്യ സംസ്കരണത്തിന്റെ പ്രസക്തി ഉയർത്തിപ്പിടിച്ച് സി.പി.ഐ. (എം.) സംഘടിപ്പിച്ചിട്ടുള്ള ശുചിത്വകേരളം കാമ്പെയിൻ സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ ;

(ഇ) ജനസാന്ദ്രത വളരെ ഉയർന്നതും ഭൂമിയുടെ ലഭ്യത കുറഞ്ഞതുമായ നമ്മുടെ സംസ്ഥാനത്തിനിണങ്ങിയ മാലിന്യ സംസ്കരണ പദ്ധതികൾ ഏത് തരത്തിലുള്ളവയാണെന്നു വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉറവിട മാലിന്യ സംസ്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി വൻകിട പദ്ധതികൾ ഒന്നും തന്നെ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly